# യോഹന്നാന്റെ ജീവപഠനം

## ദൂത് രണ്ട്

## ജീവനും കെട്ടുപണിക്കും ഉള്ള ഒരു അവതാരിക

## (1)

### I. ദൈവം ആയിരുന്ന വചനം ജീവനും വെളിച്ചവുമായി ദൈവമക്കളെ ഉളവാക്കുവാൻ വരുന്നു

### A. ആദിയിൽ വചനം

യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ ലളിതവും സംക്ഷിപ്തവുമാണ്. എന്നാൽ ഇത് വാസ്തവത്തിൽ വേദപുസ്തകത്തിലെ ഏറ്റവും അഗാധമായ പുസ്തകമാണ്. ഉദാഹരണമായി, ആകമാന പുസ്തകത്തിലെ,"ആദിയിൽ വചനം ഉണ്ടായിരുന്നു"എന്ന ആദ്യത്തെ ഉപവാക്യം പരിഗണിക്കുക. ഈ ഉപവാക്യത്തിന്റെ ഭാഷ വളരെ ലളിതമാണെങ്കിലും ഇതിന്റെ അർത്ഥവ്യാപ്തി അളക്കുവാൻ കഴിയാത്തതാണ്. എന്താണ് ആദി? ആദി എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നുവോ? എപ്പോഴായിരുന്നു ആദി? മറുപടി പറയുവാൻ എത്ര പ്രയാസമാണ്. കൂടാതെ, എന്താണ് വചനം? വചനം ക്രിസ്തുവാണെന്ന് നിങ്ങൾ പറഞ്ഞാൽ എന്തുകൊണ്ടാണ് ക്രിസ്തുവിനെ ഈ വാക്യത്തിൽ വചനമെന്ന് നിർദേശിച്ചിരിക്കുന്നത് എന്ന് ഞാൻ ചോദിക്കും. അവൻ മറ്റൊരുവിധത്തിൽ നിർദേശിക്കപ്പെടാതിരുന്നത് എന്തുകൊണ്ടാണ്? വചനം എന്ന പദം ക്രിസ്തുവിനെ അഭിധാനം ചെയ്യുവാൻ ഉപയോഗിച്ചത് വളരെ അർത്ഥവത്താണ്. ഈ ഉപവാക്യം അത്യധികം ആഴമുള്ളതാണെങ്കിലും നമുക്ക് അത് മനസ്സിലാക്കുവാൻ ശ്രമിക്കാം.

### *1. ആദി - പൂർവ്വകാല നിത്യത*

ആദിയിൽ എന്ന പദത്തോടെയാണ് വേദപുസ്തകം ആരംഭിക്കുന്നത്. എന്നിരുന്നാലും, ഉല്പത്തി 1:1 പറയുന്നത് യോഹന്നാൻ 1:1-ൽ നിന്നു വ്യത്യസ്തമാണ്."ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു,"എന്ന് അവിടെ പറയുന്നു. ഉല്പത്തി, യോഹന്നാൻ എന്നീ രണ്ടു പുസ്തകങ്ങൾ ആരംഭിക്കുന്നത് ഒരേ ശൈലിയോടെ ആണെന്നുവരികിലും ഒരോന്നിന്റെയും അർത്ഥം തികച്ചും വ്യത്യസ്തമാണ്. ഉൽപത്തിയിലെ"ആദിയിൽ"എന്ന ശൈലി സമയത്തിന്റെ ആരംഭത്തെ കുറിക്കുന്നു. കാരണം അത് ദൈവസൃഷ്ടിയെ സൂചിപ്പിക്കുന്നു. അതുകൊണ്ട് ഉല്പത്തി 1:1 സുചിപ്പിക്കുന്നത് ദൈവം സകലത്തെയും സൃഷ്ടിച്ചതായ കാലത്തിന്റെ ആരംഭത്തെയാണ്. യോഹന്നാൻ 1:1-ലെ ഈ ശൈലിയുടെ അർത്ഥം വ്യത്യസ്തമാണ്. കാരണം ഇത് സൂചിപ്പിക്കുന്നത് ആരംഭമില്ലാത്ത പൂർവ്വകാല നിത്യതയെയാണ്. ഉല്പത്തി 1-ലെ ആദി സൃഷ്ടിയുടെ കാലം മുതൽ ആരംഭിക്കുന്നു. എന്നാൽ യോഹന്നാൻ 1:1-ലെ ആദി സൃഷ്ടിയുടെ സമയത്തിന് മുൻപുള്ളതാണ്. അതായത്, ഉൽപത്തി 1-ലെ ആദി, കാലത്തിന്റെ ആരംഭവും യോഹന്നാനിലെ ആദി കാലം നിലവിൽ വരുന്നതിന് മുൻപുള്ള ആദിയും ആണ്. ഇത് ആരംഭമില്ലാത്ത പൂർവ്വകാല നിത്യതയെ സൂചിപ്പിക്കുന്നു.

കഴിഞ്ഞ ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ യോഹന്നാന്റെ ശുശ്രൂഷ ഒരു കേടുപോക്കൽ ശുശ്രൂഷയായിരുന്നു. കേടുപോക്കൽ എന്നുവച്ചാൽ ദീർഘകാലം നിലനിന്നിരുന്ന ഒന്ന്, തകരാറിലാകുകയോ, പൊട്ടുകയോ, ക്ഷതമേൽക്കുകയോ ചെയ്തിട്ട്, ഇപ്പോൾ കേടുപോക്കൽ ആവശ്യമായിരിക്കുന്നു എന്നാണ്. കേടുപോക്കൽ എപ്പോഴും ഒരു സാഹചര്യത്തെ അത് ആരംഭത്തിൽ ആയിരുന്ന അവസ്ഥയിലേക്ക് മടക്കിക്കൊണ്ടുവരുന്നു. ഉദാഹരണത്തിന്, എനിക്ക് ഏഴ് വർഷമായി ഒരു പ്രത്യേക ജാക്കറ്റ് ഉണ്ടായിരുന്നു. പലപ്പോഴും ആ ജാക്കറ്റിന്റെ ഒരു ഭാഗം കീറുകയും എന്റെ ഭാര്യ എനിക്കുവേണ്ടി അത് നന്നാക്കുകയും ചെയ്തുവന്നു. കീറിയ ഭാഗം അവൾ നന്നാക്കിക്കഴിയുമ്പോൾ ജാക്കറ്റ് പൂർവ്വാവസ്ഥയിലാക്കപ്പെട്ടിരുന്നു. ഇതുപോലെ, പെന്തക്കോസ്തു ദിനം മുതൽ സഭ നിലനിന്നുവരുന്നു. എന്നിരുന്നാലും സഭ ആരംഭിച്ച് അധികകാലം കഴിയുന്നതിന് മുമ്പ്, അനേക വ്യത്യസ്ത ചിന്തകളാലും അഭിപ്രായങ്ങളാലും ധാരണകളാലും തത്ത്വചിന്തകളാലും ആശയങ്ങളാലും പഠിപ്പിക്കലുകളാലും ഉപദേശങ്ങളാലും സഭയ്ക്ക് കോട്ടം ഭവിക്കുകയും ക്ഷതമേൽക്കുകയും ചെയ്തു. നിങ്ങൾ പുതിയനിയമം സഭാചരിത്രവുമായി ചേർത്തുവച്ച് ശ്രദ്ധാപൂർവ്വം വായിക്കുകയാണെങ്കിൽ യെഹൂദമതത്തിലൂടെ അനേക ഹാനികരമായ ധാരണകൾ സഭയിലേക്ക് നുഴഞ്ഞു കയറി എന്ന് മനസ്സിലാകും. ഈ ആശയങ്ങൾ പുരാതനസഭയെ തകരാറി

ലാക്കി. മാത്രമല്ല, ആദ്യനാളുകളിൽ ഒന്നാം നൂറ്റാണ്ടിൽ തന്നെ യവന, മിസ്രയീമ്യ, ബാബിലോണ്യ തത്ത്വചിന്തകളുടെ ഒരു സങ്കരമായ ജ്ഞാനവാദം സഭയിലേക്ക്, നുഴഞ്ഞുകയറുകയും അല്പമല്ലാത്ത ഹാനിക്ക് കാരണമാകുകയും ചെയ്തു. ഇങ്ങനെ യെഹൂദമത ചിന്താഗതികളാലും യവന തത്ത്വചിന്തകളിലെ ആശയങ്ങളാലും ആദ്യകാല സഭ തകരാറിലാകുകയും ഇവയെല്ലാം എണ്ണമറ്റ ഉപദേശങ്ങളും പഠിപ്പിക്കലുകളും ഉളവാക്കുകയും ആത്മീയവലയ്ക്ക് ധാരാളം വിള്ളലുകൾ ഉണ്ടാക്കുകയും ചെയ്തു.

സഭയാകുന്ന വലയിലെ ഏറ്റവും വലിയ വിള്ളലിന് ഇടയാക്കിയത് തങ്ങളുടെ തത്ത്വചിന്താധാരണകളിൽ ജഡാവതാരം ചെയ്ത ദൈവമാണ് ക്രിസ്തു എന്ന് തിരിച്ചറിയാത്ത ക്രിസ്ത്യാനികളെന്ന് വിളിക്കപ്പെട്ട ചിലരായിരുന്നു. അവർ ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെട്ടു. എന്നാൽ ദൈവപുത്രനായ ക്രിസ്തു ജഡത്തിൽ വന്നു എന്ന് വിശ്വസിച്ചില്ല. ഇത്തരക്കാരെ യോഹന്നാൻ എതിർക്രിസ്തുക്കൾ എന്നു വിളിച്ചു(1 യോഹ.2:18,22). അതുപോലെ, ക്രിസ്തു ജഡത്തിൽ വന്നു എന്നത് സ്വീകരിക്കുന്നുവോ ഇല്ലയോ എന്ന് ചോദിച്ച് നമുക്ക് ഒരാത്മാവിന്റെ നിർവ്യാജത പരിശോധിക്കാമെന്ന് 1 യോഹന്നാൻ 4:1-3 പറയുന്നു. കാരണം, യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് ഏറ്റുപറയാത്ത യാതൊരാത്മാവും ദൈവത്തിൽനിന്നുള്ളതല്ല; മാത്രമല്ല, യോഹന്നാൻ തന്റെ രണ്ടാമത്തെ ലേഖനത്തിൽ എതിർക്രിസ്തുവിനെ സംബന്ധിച്ച്, അതായത്, ക്രിസ്ത്യാനി എന്ന് അവകാശപ്പെടുകയും എന്നാൽ യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് ഏറ്റുപറയാത്തവനുമായ ഒരു വ്യക്തിയെ സംബന്ധിച്ച് വിശ്വാസികൾക്ക് മുന്നറിയിപ്പ് നൽകുന്നു(വാ:7). ക്രിസ്തു ജഡമായി അവതരിച്ച ദൈവമാണെന്ന് വിശ്വസിക്കാതെ ക്രിസ്ത്യാനിത്വം പ്രസംഗിക്കുന്നവർ, വലയിലെ വലിയൊരു വിള്ളലിന് ഇടയാക്കി. അങ്ങനെ, തന്റെ സർവ്വാധികാരത്തിൽ ദൈവം എല്ലാ വിള്ളലുകളും അടയ്ക്കുവാൻ ഒരു കേടുപോക്കൽ ശുശ്രൂഷ ഒരുക്കി. യോഹന്നാന്റെ ശുശ്രൂഷ, ജഡാവതാരം ചെയ്ത ദൈവമായ ക്രിസ്തു ജഡത്തിൽ വന്നു എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഈ കൃത്യം നിറവേറ്റി(യോഹ.1:1,14).

തത്ത്വത്തിൽ, ഒന്നാം നൂറ്റാണ്ടിൽ യോഹന്നാൻ അഭിമുഖീകരിച്ച അവസ്ഥ തന്നെയാണ് നാമും ഇന്ന് അഭിമുഖീകരിക്കുന്നത്. ആത്മീയ വല, കീറിയതും അനേക ഉപദേശങ്ങളും പഠിപ്പിക്കലുകളും ധാരണകളും ആശയങ്ങളും നിമിത്തം നിറയെ വലിയ വിള്ളലുകൾ നിറഞ്ഞതുമാണ്. നമ്മെ ആദിയിലേക്ക് മടക്കിവരുത്തേണ്ടിയിരിക്കുന്നു. ആദിയിൽ എന്ത് ഉണ്ടായിരുന്നു? ആദിയിൽ ഒന്നു മാത്രമേ ഉണ്ടായിരുന്നുള്ളു-ജീവൻ."ആദിയിൽ വചനം ഉണ്ടായിരുന്നു.....വചനം ദൈവമായിരുന്നു... അവനിൽ ജീവനുണ്ടായിരുന്നു."അവനിൽ അനേക ഉപദേശങ്ങൾ ഉണ്ടായിരുന്നു, എന്ന് യോഹന്നാന്റെ സുവിശേഷം പറ

യുന്നില്ല. ജീവനാൽ മാത്രമേ ആത്മീയ വലയിലെ വിള്ളലുകൾ പോക്കുവാൻ കഴിയൂ. നാം ഉപദേശം ചർച്ച ചെയ്യരുത്. നാം ജീവൻ ആസ്വദിക്കണം. ഉപദേശങ്ങളെക്കുറിച്ച് വാദിക്കുവാനായി നിങ്ങൾ എന്റെ അടുത്ത് വന്നാൽ ഞാൻ ഇങ്ങനെ പറയും,"കർത്താവായ യേശുവേ! ക്രിസ്തു എത്ര സ്നേഹവാനാണ്. മാധുര്യവാനാണ്, പ്രിയപ്പെട്ടവനാണ്. നമുക്ക് അവനെ വിളിച്ചപേക്ഷിക്കാം. പ്രിയസഹോദരാ, നമുക്ക് കർത്താവിനെ ആസ്വദിക്കാം. കർത്താവായ യേശു നമ്മുടെ ആസ്വാദനമായി നമുക്ക് ഉള്ളിടത്തോളം കാലം എല്ലാം അത്ഭുതകരമാണ്. നമുക്ക് ഉപദേശങ്ങൾ മറന്ന് അവനെ ആസ്വദിക്കാം."കേട് പോക്കൽ ശുശ്രൂഷ സാധിക്കുന്നത് ജീവനാലാണ്. കാരണം ജീവൻ നമ്മെ ആദിയിലേക്ക് മടക്കി വരുത്തുന്നു. ആദിയിൽ ജീവനല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല.

### *2. വചനം- ദൈവത്തിന്റെ നിർവ്വചനവും വിശദീകരണവും ആവിഷ്കാരവും*

വചനം ദൈവത്തിന്റെ നിർവ്വചനവും വിശദീകരണവും ആവിഷ്കാരവുമാണ്. തന്മൂലം, വചനം നിർവ്വചിക്കപ്പെടുകയും വിശദീകരിക്കപ്പെടുകയും ആവിഷ്കരിക്കപ്പെടുകയും ചെയ്ത ദൈവമാണ്. ദൈവം മാർമ്മികനാണ്. തന്നെ ആവിഷ്കരിക്കുവാൻ വചനം ആവശ്യമാണ്. നിങ്ങൾക്ക് മാർമ്മികനായി(നിഗൂഢനായി) കാണപ്പെടണമെങ്കിൽ അതിനുള്ള ഏറ്റവും നല്ല മാർഗ്ഗം നിശബ്ദനായിരിക്കുക എന്നതാണ്. കാരണം, നിങ്ങൾ നിശബ്ദനായിരിക്കുന്തോറും നിങ്ങൾ മാർമ്മികനാകും. എന്നാൽ, നിങ്ങൾ സംസാരിക്കുന്തോറും കൂടുതലായി നിങ്ങൾ നിങ്ങളെത്തന്നെ വെളിപ്പെടുത്തും. നിങ്ങളുടെ ഉള്ളിൽ ആഴത്തിലുള്ളതെല്ലാം നിങ്ങളുടെ വാക്കുകളാൽ വെളിപ്പെടുന്നു. ഇതാണ് വചനത്തിന്റെ പൊരുൾ. ദൈവം ഒരു മർമ്മമാണെങ്കിലും ദൈവത്തിന്റെ വചനമായ ക്രിസ്തു അവനെ നിർവ്വചിക്കുകയും വിശദീകരിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്നു. അങ്ങനെ, ഈ വചനം ദൈവത്തിന്റെ നിർവ്വചനവും വിശദീകരണവും ആവിഷ്കാരവുമാണ്. തൽഫലമായി, ഈ വചനം ദൈവം തന്നെയാണ്. മറഞ്ഞിരിക്കുന്ന, മൂടിവയ്ക്കപ്പെട്ട, മാർമ്മികനായ ദൈവമല്ല, മറിച്ച് നിർവ്വചിക്കപ്പെട്ട, വിശദീകരിക്കപ്പെട്ട, ആവിഷ്കരിക്കപ്പെട്ട ദൈവമാണ്. വചനം അദൃശ്യനായ ദൈവമല്ല, ദൃശ്യനായ ദൈവം തന്നെയാണ്. ആദിയിൽ ഈ വചനം ദൈവത്തോടുകൂടെ ആയിരുന്നു. ഇത് ദൈവത്തിൽനിന്ന് വേർപെട്ടിരുന്നില്ല. എപ്പോഴും അവനിൽ ദൈവം ഉണ്ടായിരുന്നു.

Tue

## B. വചനം ദൈവത്തോടുകൂടെ

വചനം ദൈവത്തോടുകൂടെയായിരുന്നു എന്ന് യോഹന്നാൻ 1:1 പറയുന്നു,"അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു"എന്ന് 2-ാം വാക്യം പറയുന്നു. വചനം എപ്പോഴും ദൈവത്തോടുകൂടെ ആയിരുന്നു. വചനത്തിൽ എപ്പോഴും ദൈവം ഉണ്ടായിരുന്നു. അവൻ ഒരിക്കലും ദൈവത്തിൽനിന്ന് വേർപെട്ടിരുന്നില്ല. അനേകം ചെറുപ്പ

ക്കാർക്ക് വീട്ടിൽനിന്നു ദൂരെയായിരിക്കുമ്പോൾ തങ്ങളുടെ മാതാപിതാക്കളിൽനിന്നു സ്നേഹംനിറഞ്ഞ കത്തുകൾ കിട്ടാറുണ്ട്. ഈ കത്തുകൾ അവരുടെ മാതാവിന്റെയോ പിതാവിന്റെയോ വചനമാണ്. നിങ്ങൾക്ക് നിങ്ങളുടെ പിതാവിൽനിന്നു കത്തുകിട്ടി എന്നു വിചാരിക്കുക. ആ കത്ത് നിങ്ങളുടെ അടുത്തേക്ക് വരുന്ന നിങ്ങളുടെ പിതാവിന്റെ വചനമാണ്. എന്നിരുന്നാലും, ആ വചനം നിങ്ങളുടെ അടുത്തേക്ക് വരുമ്പോൾ അതിന് നിങ്ങളുടെ പിതാവിനോടുകൂടെയുള്ള വചനമാകുവാൻ കഴിയുകയില്ല. കത്ത് നിങ്ങളുടെ പിതാവിൽനിന്നുള്ള വചനമാണ് എന്നുവരികിലും അത് നിങ്ങളുടെ പിതാവിനോടു കൂടെയുള്ളതല്ല, കാരണം നിങ്ങളും നിങ്ങളുടെ പിതാവും വാസ്തവത്തിൽ പരസ്പരം വളരെ ദൂരെയാണ്. ഇതിനർത്ഥം നിങ്ങളുടെ പിതാവിന്റെ വചനം നിങ്ങളുടെ പിതാവിൽനിന്ന് വേർപെട്ടതാണ് എന്നാണ്. ക്രിസ്തു ദൈവത്തിന്റെ വചനം എന്നതിൽനിന്ന് ഇത് വ്യത്യസ്തമാണ്. വചനം ദൈവത്തിൽനിന്ന് വേർപെട്ടതാണ് എന്ന് ഒരിക്കലും ചിന്തിക്കരുത്. അല്ല, ഈ വചനം ദൈവത്തോടുകൂടെയായിരുന്നു, അത് എപ്പോഴും ദൈവത്തോടുകൂടെ ആയിരിക്കുന്നു. വചനം വരുമ്പോൾ ദൈവം വരുന്നു. വചനത്തിന്റെ സാന്നിദ്ധ്യമുണ്ടെങ്കിൽ ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ട്. വചനം ദൈവത്തോടുകൂടെയാണ്. അതുകൊണ്ട് വചനം ദൈവത്തോടുകൂടെയായിരുന്നു എന്ന് നമ്മോട് പറയുന്ന മറ്റൊരു ഉപവാക്യം 1:1-ൽ ഉണ്ട്.

## C. വചനം ദൈവമായിരുന്നു

വചനം ദൈവം ആയിരുന്നു എന്ന് 1:1 ന്റെ അവസാന ഉപവാക്യം പറയുന്നു. അക്ഷരപ്രകാരം വേദപുസ്തകം മനസ്സിലാക്കുവാൻ ഒരിക്കലും ശ്രമിക്കരുത്. വചനം എന്ന നിലയിൽ ക്രിസ്തു ദൈവത്തോടുകൂടെ ആയിരുന്നു, ദൈവം ആയിരുന്നു എന്ന് ഈ വാക്യം പറയുന്നു. ക്രിസ്തുവും ദൈവവും ഒരുവനോ അതോ ഇരുവരോ? അവനും ദൈവവും ഒന്നാണെങ്കിൽ എന്തുകൊണ്ട് അവൻ ദൈവത്തോടുകൂടെ എന്ന് വേദപുസ്തകം പറയുന്നു? ഈ രണ്ടു പ്രസ്താവനകളെയും എങ്ങനെ പൊരുത്തപ്പെടുത്താം? നമുക്ക് അവയെ പൊരുത്തപ്പെടുത്തുവാൻ കഴിയില്ല. യോഹന്നാന്റെ സുവിശേഷം മുഴുവൻ മനസ്സിലാക്കുന്നതിനുള്ള രഹസ്യം നമുക്ക് ഈ വാക്യത്തിൽ കാണാം. തുടർന്നുള്ള ദൂതുകളിൽ ഇതിനോട് സാമ്യമുള്ള അനേക കാര്യങ്ങൾ നമുക്ക് കാണാം. ഉദാഹരണത്തിന്, സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നവനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല എന്ന് കർത്താവ് നിക്കോദേമൊസ്സിനോട് പറഞ്ഞു, എവിടെയാണ് അവൻ? സ്വർഗ്ഗത്തിലോ ഭൂമിയിലോ? ഹാലേലുയ്യ, അവൻ ഇവിടെയും അവിടെയും ആണ് എന്ന് നാം പറയണം. അവൻ സർവ്വവ്യാപിയായതുകൊണ്ട് അവന് ഇവിടെയും അവിടെയും ആയിരിക്കാം. നമുക്കിത് മനസ്സിലാക്കുവാൻ കഴിയുകയില്ല എന്നു വരികിലും നമുക്ക് വ്യക്തമായ ഒരു വചനമുണ്ട്. ആ വചനം അംഗീകരിക്കുക മാത്രം ചെയ്യുക. ആദിയിൽ വചനം

ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവം ആയിരുന്നു. ഈ വാക്യത്തിലെ എല്ലാ ഉപവാക്യങ്ങളുമായി നമുക്ക് പൊരുത്തപ്പെടുവാൻ കഴിയുകയില്ലെങ്കിലും ദൈവവചനമായി ഈ വാക്യം നാം സ്വീകരിച്ചാൽ മതിയാകും.

യോഹന്നാന്റെ എഴുത്തുകൾ വളരെ സംക്ഷിപ്തമായിരുന്നു. എന്നാൽ അവൻ വളരെ ശ്രദ്ധയുള്ളവൻ ആയിരുന്നു. "അവൻ ദൈവത്തോടുകൂടെയായിരുന്നു; അവൻ ദൈവമായിരുന്നു, എന്നാൽ അവൻ ഒരുപക്ഷേ ആദിമുതൽ ദൈവത്തോടുകൂടെയല്ലായിരുന്നു. ആദിയിൽ അവൻ വചനം ആയിരുന്നു, എന്നാൽ ദൈവത്തോടുകൂടെയല്ലായിരുന്നു. പിന്നീടൊരു സമയത്ത് വചനം ദൈവത്തോടുകൂടെ ആയിരിക്കുവാൻ വരുകയും ഒടുവിൽ ദൈവമാകുകയും ചെയ്തു," എന്ന് പറഞ്ഞുകൊണ്ട് ചിലർ അവനുമായി വാദിച്ചേക്കുമെന്ന് അവന് ബോധം ഉണ്ടായിരുന്നു. നിങ്ങൾ സഭാചരിത്രം വായിക്കുകയാണെങ്കിൽ, ഒന്നാം നൂറ്റാണ്ടിൽ തന്നെ ക്രിസ്തു ആദിയിൽ ദൈവം ആയിരുന്നില്ലെന്നും, പിന്നീട് ഒരു പ്രത്യേക സമയത്ത് അവൻ ദൈവമായെന്നും അവകാശപ്പെടുന്ന ഒരു വീക്ഷണഗതി നിലനിന്നിരുന്നു എന്ന് കണ്ടെത്തും. അങ്ങനെ യോഹന്നാൻ ഒന്നാം വാക്യത്തിലെ ഒരു ഭാഗത്തിന്റെ ആവർത്തനമായിട്ടല്ല, മറിച്ച് സ്ഥിരീകരണം എന്ന നിലയിൽ രണ്ടാം വാക്യം ചേർത്തു. അവൻ ആദിയിൽ ദൈവത്തോടുകൂടെ യായിരുന്നു. ക്രിസ്തു ദൈവത്തോടുകൂടെ ആയിരുന്നു; ആദി മുതൽ ദൈവം ആയിരുന്നു. ആദിയിൽ, അതായത്, പൂർവ്വകാല നിത്യത മുതൽ വചനം ദൈവത്തോടുകൂടെയായിരുന്നു. ക്രിസ്തു ദൈവത്തോടു കൂടെയായിരുന്നില്ലെന്നും പൂർവ്വകാല നിത്യത മുതൽ ദൈവമായിരുന്നില്ലെന്നും ഒരു പ്രത്യേക സമയത്ത് ക്രിസ്തു ദൈവമാകുകയും ദൈവത്തോടു കൂടെയാകുകയും ചെയ്തു എന്ന് ചിലർ കരുതുന്നതുപോലെയല്ല. ക്രിസ്തുവിന്റെ ദൈവത്വം ശാശ്വതവും നിരപേക്ഷവുമാണ്. പൂർവ്വകാല നിത്യത മുതൽ ഭാവികാല നിത്യത വരെ അവൻ ദൈവത്തോടുകൂടെയുള്ളവനും ദൈവവും ആണ്. അതുകൊണ്ടാണ് ഈ സുവിശേഷത്തിൽ മത്തായി 1-ലും ലൂക്കൊസ് 3-ലും ഉള്ളതുപോലെ അവന്റെ വംശാവലി ഇല്ലാത്തത്. ഈ സുവിശേഷത്തിൽ അവന് പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവും ഇല്ല(എബ്രാ.7:3). നമ്മുടെ ക്രിസ്തു ആദി മുതൽ ദൈവത്തോടുകൂടെ ആയിരുന്നു, അവൻ ദൈവവും ആയിരുന്നു എന്നത് നമുക്കെല്ലാം വളരെ വ്യക്തമായിരിക്കണം. അവൻ ആദി മുതൽ ദൈവത്തോടുകൂടെയുള്ള വചനമായിരുന്നു.

## D. വചനത്താലുള്ള സൃഷ്ടി

സൃഷ്ടി വചനം മുഖാന്തരം ഉളവായി. യോഹന്നാൻ 1:3-ാം വാക്യത്തിന്റെ പ്രത്യുദ്ധാരഭാഷ്യത്തിന്റെ രീതി എനിക്കിഷ്ടമാണ്. "സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല." സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല എന്നുള്ളതിന്റെ അർത്ഥം

എന്താണ്? അവനെക്കൂടാതെ ഒന്നിനും നിലനിൽപ്പില്ല എന്നേ ഇതിനർത്ഥമുള്ളു. ഒരു ദിവസം, വചനം മുഖാന്തരം സകലവും ഉളവായി. ഒരർത്ഥത്തിൽ, ദൈവം ഒന്നും ഉണ്ടാക്കിയില്ല എന്ന് നമുക്ക് പറയാം. കാരണം അവന് ഒന്നും ചെയ്യേണ്ടതായ ആവശ്യമില്ലായിരുന്നു. അവൻ ഉളവാകട്ടെ എന്ന് പറയുകയും സകലവും ഉളവാകുകയും ചെയ്തു. നമ്മുടെ മാനുഷികധാരണയനുസരിച്ച്, സൃഷ്ടിക്ക് കുറേ അദ്ധ്വാനം ആവശ്യമാണ്. എന്നിരുന്നാലും, ദൈവത്തിന്റെ സൃഷ്ടിപ്പിൽ അദ്ധ്വാനം ഇല്ലായിരുന്നു, സംസാരമേ ഉണ്ടായിരുന്നുള്ളു. വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം പറഞ്ഞപ്പോൾ വെളിച്ചം ഉളവായി. ഒരു വിതാനം ഉണ്ടാകട്ടെ എന്ന് ദൈവം പറഞ്ഞപ്പോൾ വിതാനം ഉളവായി. ഉണങ്ങിയ നിലം കാണപ്പെടട്ടെ എന്ന് അവൻ പറഞ്ഞപ്പോൾ ഉണങ്ങിയ നിലം കാണപ്പെട്ടു. ഇത് അസംബന്ധമാണെന്ന് ഒരു യുക്തിവാദി പറയും, കാരണം അവൻ ദൈവത്തിൽ വിശ്വസിക്കുന്നില്ല. എന്നാൽ, നാം അവനിൽ വിശ്വസിക്കുന്നു. നാം ദൈവത്തിൽ മാത്രമല്ല, സർവ്വവും ഉൾക്കൊള്ളുന്ന ക്രിസ്തുവിലും വിശ്വസിക്കുന്നു. വചനമാകുന്ന അവൻ മുഖാന്തരം സകലവും ഉളവായി.

പുതിയ സൃഷ്ടിയിലും ഇതുതന്നെയാണ് തത്ത്വം. നാം പഴയ സൃഷ്ടിയിൽപെട്ട മനുഷ്യരാണെങ്കിലും നാം പുതിയ സൃഷ്ടിയിലെ മനുഷ്യരാകണമെന്ന് വേദപുസ്തകം നമ്മോട് പറയുന്നു. നമ്മുടെ മാനുഷിക ധാരണയനുസരിച്ച് ഇത്തരത്തിലുള്ള മാറ്റത്തിന് വളരെ അധികം പ്രവൃത്തി ആവശ്യമാണ്. എന്നാൽ ഇതിന് അധികം പ്രവൃത്തിയുടെ ആവശ്യമേ ഇല്ല; ഇത് ക്രിസ്തുവാകുന്ന വചനം മുഖാന്തരം നിർവ്വഹിക്കപ്പെടുന്നു. ഒരു മനുഷ്യൻ“കർത്താവായ യേശു”എന്നു പറയുമെങ്കിൽ അവന്റെ വായിൽനിന്ന് വാക്കുകൾ പുറത്തുവരുന്നതിനു മുമ്പുതന്നെ അവൻ പുതിയ മനുഷ്യനാകും. “കർത്താവ്”എന്ന വാക്ക് ഉച്ചരിക്കുമ്പോൾതന്നെ ഇല്ലാത്ത ഒന്ന് ഉളവായി വരുന്നു.“ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുന്നവനായ”(റോമ.4:17) ദൈവത്തിൽ അബ്രഹാം വിശ്വസിച്ചു. ദൈവം വിളിക്കുക മാത്രം ചെയ്തു; മറ്റൊന്നും ചെയ്തില്ല. ഒരുകാലത്ത് വെളിച്ചം എന്ന ഒരു സംഗതി ഇല്ലായിരുന്നെങ്കിലും,“വെളിച്ചം”എന്നു ദൈവം പറഞ്ഞപ്പോൾ വെളിച്ചം ഉടൻ നിലവിൽ വന്നു. ഇതാണ് ദൈവത്തിന്റെ സൃഷ്ടി. അവൻ ഇപ്രകാരം സൃഷ്ടിച്ചില്ലായിരുന്നെങ്കിൽ, അവൻ നമ്മെപ്പോലെ ആകുമായിരുന്നു. എന്നാൽ ദൈവം നമ്മെപ്പോലെയല്ല-ദൈവം ദൈവമാണ്. സകലവും വചനം മുഖാന്തരം ഉളവായി. നിങ്ങൾക്ക് വചനം ഉള്ളിടത്തോളം നിങ്ങൾക്ക് എല്ലാമുണ്ട്.

ഇത് നമ്മുടെ വിശ്വാസത്തെ ബലപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്യണം. നിങ്ങൾ വചനം സ്വീകരിക്കുമ്പോളെല്ലാം ഇല്ലാത്ത ഒന്ന് ഉളവാകുന്നു. ഇത് അത്ഭുതകരമാണ്. നിങ്ങൾ ദുർബലനാണെന്ന് പറയരുത്, കാരണം നിങ്ങൾ ദുർബലനാണെന്ന് പറയുന്തോറും, അങ്ങനെ പറയുന്നതുകൊണ്ടു മാത്രം നിങ്ങൾ കൂടുതൽ ദുർബലൻ

ആകും. എന്നാൽ വചനം സ്വീകരിച്ചുകൊണ്ട്,"ഞാൻ ശക്തനാണ്" എന്ന് നിങ്ങൾ പറയുന്നുവെങ്കിൽ, ശക്തി ഉളവാകും."എനിക്കു ശക്തി യില്ല"എന്നു പറയരുത്. നിങ്ങൾക്ക് ശക്തിയില്ല എന്ന് പറയുന്തോറും നിങ്ങൾ ശക്തിഹീനനായിത്തീരും. എന്നാൽ "എനിക്കു വചനം മുഖാ ന്തരം ശക്തിയുള്ളതിനാൽ കർത്താവിനു സ്തോത്രം"എന്നു നിങ്ങൾ പറയുകയാണെങ്കിൽ നിങ്ങൾക്ക് ശക്തി, വചനം മുഖാന്തരം ഇല്ലാ ത്തതിനെ ഉളവാക്കുന്ന ശക്തി ഉണ്ടാകും. ഒരു രോഗത്താൽ നിങ്ങൾ കഷ്ടപ്പെടുകയാണെങ്കിൽ, അതിനെക്കുറിച്ച് അധികം ചിന്തിക്കരുത്. പിന്നെയോ "വചനം മുഖാന്തരം ഞാൻ ആരോഗ്യമുള്ള വ്യക്തിയാണ്" എന്നു പറയുക. നിങ്ങൾ ഇങ്ങനെ പറഞ്ഞാൽ ഇല്ലാത്തതായ ആരോഗ്യം ഉളവായി വരും. സഹോദരിമാർ പലപ്പോഴും എന്റെ അടു ക്കൽ വന്ന് ഇങ്ങനെ പറയാറുണ്ട്,"സഹോദരാ, സഹോദരിമാരായ ഞങ്ങൾക്ക് ജ്ഞാനം ഇല്ല. അങ്ങേക്ക് ജ്ഞാനം ഉള്ളതുകൊണ്ടാണ് ഞങ്ങൾ അങ്ങയുടെ അടുത്ത് വരുന്നത്."സഹോദരിമാരേ, നിങ്ങൾക്ക് ജ്ഞാനം കുറവാണെന്ന് നിങ്ങൾ പറയുന്തോറും നിങ്ങൾക്ക് ജ്ഞാനം കുറയും. എന്നാൽ നിങ്ങൾക്ക് ജ്ഞാനം കുറവാണെന്നത് കള്ളമാ ണ്. നിങ്ങൾക്ക് വചനം ഇല്ലേ? നിങ്ങൾക്ക് വചനം ഉള്ളിടത്തോളം, "എനിക്ക് വചനം മുഖാന്തരം ജ്ഞാനം ഉണ്ട്,"എന്ന് നിങ്ങൾ പ്രഖ്യാ പിക്കണം. നിങ്ങളിത് അവകാശപ്പെടുകയാണെങ്കിൽ നിങ്ങൾക്ക് ജ്ഞാനമുണ്ടാകും. നമുക്ക് നമ്മിൽതന്നെ ഒന്നുമില്ല, എന്നാൽ വചനം മുഖാന്തരം നമുക്കെല്ലാമുണ്ട്.

എന്താണ് സൃഷ്ടിപ്പ്? വചനം മുഖാന്തരം ഇല്ലാത്തതിനെ ഉള്ളതി നെപ്പോലെ വിളിക്കുന്നതാണ് സൃഷ്ടിപ്പ്. വചനം ഉപാധിയും മണ്ഡ ലവും ആണ്. നിങ്ങൾക്ക് വചനമുള്ളിടത്തോളം നിങ്ങൾക്ക് ഉപാധിയും മണ്ഡലവും ഉണ്ട്."എനിക്ക് ഉപാധിയായും മണ്ഡലമായും വചനം ഉള്ളതിനാൽ ഇല്ലാത്തതിന് ഉളവായി വരുവാൻ കഴിയും,"എന്ന് അതുകൊണ്ട് നിങ്ങൾക്ക് പറയുവാൻ കഴിയും. ഇങ്ങനെ പറയുവാൻ പഠിക്കുക,"വചനം മുഖാന്തരം ഇല്ലാത്തത് ഉളവാകുന്നു."മേലിൽ ഞാൻ വചനത്തിൽനിന്ന് വേർപെട്ടവനല്ല, ഞാൻ വചനത്തിലും വച നത്തോടുകൂടെയുമാണ്. അതുകൊണ്ട് വചനം മുഖാന്തരം ഇല്ലാത്തത് ഉളവായി വരുന്നു.

## E. ജീവൻ വചനത്തിൽ

ഇനി നാം ഏറ്റവും പ്രധാന കാര്യത്തിലേക്ക് വരുന്നു: വചനത്തിൽ ജീവൻ ഉണ്ട്."അവനിൽ ജീവൻ ഉണ്ടായിരുന്നു"(1:4). 1:4-ലെ അവ നിൽ എന്നത് ദൈവമായിരുന്നവനും താൻ മുഖാന്തരം സകലവും ഉളവായവനുമായ വചനത്തെ സൂചിപ്പിക്കുന്നു. അവനിൽ ജീവൻ ഉണ്ട്. എന്തുകൊണ്ട് ജീവനായി വരുന്നതിനു മുമ്പ് അവൻ സകലവും സൃഷ്ടി ച്ചു? കാരണം അവനെ ജീവനായി സ്വീകരിക്കുന്നതിന്, ഒരു

പാത്രത്തിന്റെ, ഒരു സ്വീകരണിയുടെ ആവശ്യമുണ്ടായിരുന്നു. അവൻ ഒന്നും സൃഷ്ടിച്ചില്ലായിരുന്നു എന്നും, എന്നിട്ടും ജീവനായി അവൻ വന്നു എന്നും കരുതുക. ആർക്ക് അവൻ ജീവനാകുമായിരുന്നു? അവൻ ജീവൻ ആയിരുന്നാലും അവനെ ജീവനായി സ്വീകരിക്കുവാൻ ഒരു സ്വീകരണിയുണ്ടാകുമായിരുന്നില്ല. അതുകൊണ്ട് അവൻ ജീവനായിരിക്കുവാൻ വരുന്നതിനു മുമ്പ്, ആകാശവും ഭൂമിയും അവനെ സ്വീകരിക്കുവാൻ ഒരാത്മാവോടുകൂടിയ മനുഷ്യനെയും അവൻ സൃഷ്ടിച്ചു. കർത്താവ് "ആകാശം വിരിക്കുകയും ഭൂമിയുടെ അടിസ്ഥാനം ഇടുകയും മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ നിർമ്മിക്കുകയും ചെയ്തു"എന്ന് സെഖര്യാവ് 12:1 പറയുന്നു. അതായത്, ആകാശം ഭൂമിക്കുവേണ്ടിയും ഭൂമി മനുഷ്യനുവേണ്ടിയും ആണ്. ദൈവത്തെ സ്വീകരിക്കുവാനുള്ള ഒരാത്മാവോടുകൂടെ മനുഷ്യനെ ഉണ്ടാക്കി. ഇപ്പോൾ താൻ സൃഷ്ടിച്ച മനുഷ്യന് സ്വീകരിക്കുവാനായി വചനത്തിന് ജീവനായി വരുവാൻ കഴിയും. സൃഷ്ടി ജീവനുവേണ്ടി സ്വീകരണി ഉളവാക്കി.

ജീവൻ വചനത്തിലാണെന്ന് നാം കണ്ടു. ദൈവത്തിന്റെ ആവിഷ്കാരത്തിൽ മാത്രമേ ജീവൻ കാണപ്പെടുവാൻ കഴിയൂ. ദൈവത്തിന്റെ ആവിഷ്കാരവും വിശദീകരണവുമായ വചനം, നമ്മുടെ ജീവനായ ദൈവത്തെ ഉൾക്കൊള്ളുന്നു. നാം വചനം സ്വീകരിക്കുമ്പോൾ നാം അതിനുള്ളിലെ ജീവൻ സ്വീകരിക്കുന്നു. വചനവും ജീവനും രണ്ടും ദൈവം തന്നെയാണ്. വചനം ദൈവത്തിന്റെ ആവിഷ്കാരവും ജീവൻ ദൈവത്തിന്റെ ഉൾനിറവുതന്നെയുമാണ്. നാം വചനം കേൾക്കുമ്പോൾ, ദൈവം ആവിഷ്കരിക്കപ്പെടുകയും വിശദീകരിക്കപ്പെടുകയും ചെയ്യുന്നതായി നാം ഗ്രഹിക്കുന്നു. നാം വചനം സ്വീകരിക്കുമ്പോൾ, ദൈവത്തിന്റെ അതേ ഉൾനിറവുതന്നെ ജീവനായി സ്വീകരിക്കുകയും, അതിനാൽ ദൈവത്തിൽനിന്ന് ജനിക്കുകയും, ദൈവത്തിന്റെ മക്കളായിത്തീരുകയും ചെയ്യുന്നു. വചനത്തിലുള്ള ജീവൻ ദൈവത്തിന്റെ ഉൾനിറവുതന്നെയാണ്.

രണ്ടാം വാക്യം ഉല്പത്തി 1-ലെ സൃഷ്ടിയെ സൂചിപ്പിക്കുന്നതുകൊണ്ട്, 4-ാം വാക്യത്തിലെ ജീവൻ ഉല്പത്തി 2-ലെ ജീവവൃക്ഷം സൂചിപ്പിക്കുന്ന ജീവനെ ആയിരിക്കണം പരാമർശിക്കുന്നത്. വെളിപ്പാട് 22-ൽ യോഹന്നാൻ ജീവവൃക്ഷത്തെക്കുറിച്ച് പരാമർശിക്കുന്നതിനാൽ ഇത് ഉറപ്പിക്കാം. അവനിൽ ജീവൻ ഉള്ളതിനാൽ, അവൻ ജീവനും (യോഹ.11:25;14:6) മനുഷ്യന് ജീവനുണ്ടാകുവാൻ വന്നവനും ആണ്(10:10).

ദൈവത്തെ ജീവനായി ഉൾക്കൊള്ളുവാൻ ഒരു പാത്രമായി മനുഷ്യൻ നിർമ്മിക്കപ്പെട്ടു. എന്നിരുന്നാലും, സൃഷ്ടിയിൽ അവൻ കേവലം ഒരു ഒഴിഞ്ഞ പാത്രമായിരുന്നു; അവന് വാസ്തവമായ ജീവൻ ഉണ്ടായിരുന്നില്ല. മനുഷ്യന്റെ സൃഷ്ടിക്കപ്പെട്ട ജീവൻ വാസ്തവമായിരുന്നില്ല; ദിവ്യജീവനാണ് വാസ്തവമായ ജീവൻ; അത് ക്രിസ്തുവിലാണ്.

ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു മുമ്പ് എന്തു തരം ജീവനാണ് നിങ്ങൾക്ക് ഉണ്ടായിരുന്നത്? അത് ഏറിയാൽ ഒരു താൽക്കാലിക ജീവനായിരുന്നു. അത് സ്ഥിരമായ, എന്നേക്കും നിലനിൽക്കുന്ന ഒരു ജീവനല്ലായിരുന്നു. അത് ക്ഷണിക ജീവനായിരുന്നു. എങ്കിലും സ്ഥിരമായ ഒന്നായിരുന്നില്ല. നാം ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു മുമ്പ്, നമ്മുടെ ക്ഷണിക ജീവൻ എത്രനാൾ നിലനിൽക്കുമെന്ന് നമുക്ക് നിശ്ചയമില്ലായിരുന്നു. അങ്ങനെ, ഒരർത്ഥത്തിൽ നാം രക്ഷിക്കപ്പെടുന്നതിനു മുമ്പ് നമുക്ക് ജീവനില്ലായിരുന്നു. ക്രിസ്തുവിലെ ജീവൻ നിത്യവും ഉറപ്പുള്ളതും സ്ഥിരവുമാണ്. എല്ലാ മനുഷ്യർക്കും ഇത്തരം ഒരു ജീവൻ, ക്രിസ്തുവിലുള്ള ദിവ്യവും സൃഷ്ടിക്കപ്പെടാത്തതുമായ ജീവൻ, ആവശ്യമാണ്. ഈ ജീവൻ മനുഷ്യനുവേണ്ടിയുള്ളതും മനുഷ്യൻ ഈ ജീവന്റെ സ്വീകരണിയുമാണ്.

## F.ജീവൻ മനുഷ്യന്റെ വെളിച്ചം

"അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു"എന്ന് യോഹന്നാൻ 1:4 പറയുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചമാണ് എന്നത് തികച്ചും സത്യമാണ്. നാം കർത്താവായ യേശുവിന്റെ നാമം വിളിച്ച് അവനെ നമ്മിലേക്ക് സ്വീകരിച്ചപ്പോൾ, ദിവ്യജീവൻ നമ്മുടെ ആളത്തത്തിലേക്ക് കടന്നുവന്നു. ഉടൻതന്നെ നമുക്ക് ഉള്ളിൽ എന്തോ പ്രകാശിക്കുന്നു എന്ന ബോധമുണ്ടായിരുന്നു. എന്നാൽ ഒരു പക്ഷേ, ആ സമയത്ത് അത് വിവരിക്കുവാൻ ഭാഷയോ ഭാഷണമോ നമുക്കില്ലായിരുന്നു. ആ പ്രകാശനം ജീവന്റെ പ്രകാശനം ആയിരുന്നു. ജീവൻ പ്രകാശിക്കുന്നതുമൂലം ജീവൻ മനുഷ്യരുടെ വെളിച്ചമാണ്. നാം ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നു എന്നതിന്റെ ഏറ്റവും ശക്തമായ സ്ഥിരീകരണം ഈ പ്രകാശനമാണ്.

വചനം കേൾക്കുകയും ജീവൻ സ്വീകരിക്കുകയും ചെയ്യുമ്പോൾ, നമ്മെ പ്രകാശിപ്പിക്കുവാൻ ജീവൻ ഉള്ളിൽ തിളങ്ങുന്ന വെളിച്ചമായിത്തീരുന്നു. ദൈവം ജീവനായി, ജീവന്റെ വെളിച്ചമായി നമ്മുടെ ഉള്ളിൽ തിളങ്ങുമ്പോൾ, നാം അവന്റെ പ്രകാശനത്തിൻ കീഴിലാണ്. അവന്റെ വചനം സ്വീകരിച്ച് ദൈവത്തിൽനിന്ന് ജനിച്ചതിനാൽ, നമുക്ക് നമ്മുടെ ജീവനായി ദൈവമുണ്ട്. ഈ ജീവൻ നമ്മുടെ ഉള്ളിൽ എല്ലായ്പ്പോഴും പ്രകാശിക്കുന്ന വെളിച്ചമായിത്തീരുന്നു. കർത്താവ് ദൈവത്തിന്റെ വചനം, ദൈവത്തിന്റെ ആവിഷ്കാരമാണ്; അതിനാൽ നമുക്ക് ദൈവത്തെ അറിയാം. ദൈവത്തിന്റെ ആവിഷ്കാരമായി നാം അവനെ സ്വീകരിക്കുമ്പോൾ, അവൻ നമ്മുടെ ജീവനായിത്തീരുന്നു. ഈ ജീവൻ നമ്മുടെ ഉള്ളിൽ പ്രകാശിക്കുന്ന വെളിച്ചമായിത്തീരുകയും ചെയ്യുന്നു.

Thu "വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല"എന്ന് 5-ാം വാക്യം പറയുന്നു. ഇരുളിന് ഒരിക്കലും വെളിച്ചത്തെ പിടിച്ചടക്കുവാനോ കെടുത്തുവാനോ കഴിയുകയില്ല, എന്നാൽ വെളിച്ചം ഇരുളിനെ ദൂരീകരിക്കുന്നു. ജീവന്റെ വെളിച്ചം നമ്മുടെ ഉള്ളിൽ പ്രകാശിക്കുമ്പോൾ, ഇരുളിന് അതിനെ പിടിച്ചടക്കുവാൻ കഴിയുകയില്ല. മാത്രമല്ല, ഈ വെളിച്ചം എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന

സത്യവെളിച്ചമാണ്. "പ്രകാശിപ്പിക്കുന്നു"എന്ന പദം ഗ്രീക്കിൽ എഫെസ്യർ 1:18;3:9 എബ്രായർ 6:4;10:32 എന്നീ വാക്യങ്ങളിൽ അതേ രീതിയിൽ ഉപയോഗിച്ചിരിക്കുന്ന അതേ പദമാണ്. അത് ഇവിടെ സ്വീകരിക്കുന്നവർക്ക് ജീവൻ നൽകുന്ന ആന്തരികപ്രകാശനത്തെ സൂചിപ്പിക്കുന്നു. പഴയ സൃഷ്ടിക്ക്, അത് ഭൗതിക വെളിച്ചമായിരുന്നു(ഉല്പ. 1:2-5,14-15). പുതിയ സൃഷ്ടിക്ക്, അത് ജീവന്റെ വെളിച്ചമാണ്.

വിശ്വസിക്കുന്നവർക്ക് ജീവൻ ദൈവമക്കളാകുവാനുള്ള അധികാരവും ആയിത്തീരുന്നു."അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ, രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽനിന്നത്രേ ജനിച്ചത്"(1:12-13). ഈ വാക്യങ്ങളിൽ വിവരിച്ചിരിക്കുന്ന ജനനം നമ്മുടെ മാതാപിതാക്കളിലൂടെ നമുക്ക് ലഭിച്ച സ്വാഭാവിക ജനനമല്ല. ഇത് നാം കർത്താവായ യേശുവിന്റെ നാമത്തിൽ വിശ്വസിച്ചപ്പോൾ സംഭവിച്ച രണ്ടാമത്തെ ജനനമാണ്.

കർത്താവിൽ വിശ്വസിക്കുക എന്നത് അവനെ സ്വീകരിക്കുന്നതിന് തുല്യമാണ്. കർത്താവായ യേശുവിനെ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ഞാൻ പറയുമ്പോൾ, നിങ്ങളൊരിക്കലും അത് ചെയ്തിട്ടില്ലെന്ന് നിങ്ങൾ പറയുമായിരിക്കും. എന്നാൽ, ഒരു ചോദ്യം നിങ്ങളോട് ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവായ യേശുവിൽ നിങ്ങൾ വിശ്വസിച്ചില്ലേ? നിങ്ങൾ അവന്റെ നാമം കേട്ടപ്പോൾ, നിങ്ങൾ അതിൽ വിശ്വസിച്ചില്ലേ? ഒരു വ്യക്തി സത്യമായും ആ പ്രിയ നാമത്തിൽ വിശ്വസിക്കുന്നുവെങ്കിൽ, ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ അവൻ"കർത്താവായ യേശുവേ"എന്നു പറയും എന്ന ഉറപ്പ് എനിക്കുണ്ട്. നിങ്ങളുടെ ആളത്തത്തിന്റെ ആഴങ്ങളിൽനിന്ന് നിങ്ങൾ അവന്റെ നാമം ഉച്ചരിക്കുന്നുവെങ്കിൽ, അതിനർത്ഥം നിങ്ങൾ അവനിൽ വിശ്വസിക്കുന്നു എന്നാണ്. നിങ്ങൾ അവന്റെ നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് അവനിൽ വിശ്വസിക്കുന്നുവെങ്കിൽ അത് നിങ്ങൾ അവനെ സ്വീകരിച്ചു എന്നതിന്റെ തെളിവാണ്. നിങ്ങൾ അവനെ സ്വീകരിച്ചതിനാൽ നിങ്ങൾക്ക് ദൈവത്തിന്റെ മകനാകുവാനുള്ള അധികാരം ലഭിച്ചു. എന്താണ് ഈ അധികാരം? നിങ്ങൾക്ക് അത് ജീവനായ ക്രിസ്തുതന്നെയാണ്. ജീവനായ ക്രിസ്തു കേവലം പുത്രത്വത്തിന്റെ ആത്മാവാണ്. ഈ പുത്രത്വത്തിന്റെ ആത്മാവ് നിങ്ങളെ ദൈവത്തിന്റെ മകനാക്കുന്നു. രണ്ടു കാര്യങ്ങളാൽ നിങ്ങൾ ദൈവത്തിന്റെ മകനാണെന്ന് നിങ്ങൾക്കറിയുവാൻ കഴിയും: നിങ്ങൾ അവനിൽ വിശ്വസിക്കുകയും അവന്റെ നാമം വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നു എന്ന വസ്തുതയാലും, കൂടെക്കൂടെ, സ്വാഭാവികമായും മാധുര്യത്തോടെയും"അബ്ബാ പിതാവേ"എന്നു നിങ്ങൾ വിളിക്കുന്നു എന്ന വസ്തുതയാലും. ഇപ്രകാരം മധുരമായി"അബ്ബാ പിതാവേ"എന്നു ദൈവത്തെ നിങ്ങൾക്ക് വിളിക്കുവാൻ കഴിയുന്നുവെങ്കിൽ, നിങ്ങൾ അവന്റെ മകനാണ് എന്ന് അത് തെളിയിക്കുന്നു.

13-ാം വാക്യം പ്രഖ്യാപിക്കുന്നതുപോലെ, ഈ ജനനം രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലുമല്ല, മനുഷ്യന്റെ ഇഷ്ടത്താലുമല്ല. ഇവിടെ രക്തം(ഗ്രീക്കിൽ രക്തങ്ങൾ) സൂചിപ്പിക്കുന്നത് ഭൗതിക ജീവനെയാണ്. ജഡത്തിന്റെ ഇഷ്ടം കുറിക്കുന്നത് ജഡമായിത്തീർന്നതിനു ശേഷമുള്ള വീണുപോയ മനുഷ്യന്റെ ഇഷ്ടത്തെയാണ്. മനുഷ്യന്റെ ഇഷ്ടം കുറിക്കുന്നത് ദൈവം സൃഷ്ടിച്ച മനുഷ്യന്റെ ഇഷ്ടത്തെയാണ്. നാം ദൈവത്തിന്റെ മകനാകുമ്പോൾ നാം നമ്മുടെ ഭൗതിക ജീവനാൽ, നമ്മുടെ വീണു പോയ ജീവനാൽ, അല്ലെങ്കിൽ നമ്മുടെ സൃഷ്ടിക്കപ്പെട്ട ജീവനാൽ ജനിച്ചവരല്ല-നാം സൃഷ്ടിക്കപ്പെടാത്ത ജീവനായ ദൈവത്തിൽനിന്ന് ജനിച്ചവരാണ്. മനുഷ്യർ ദൈവമക്കളാകുന്നത് മനുഷ്യന് ദിവ്യജീവനും ദിവ്യസ്വഭാവവും ലഭിക്കുന്നതിനാണ്.

എന്തിനാണ് ദൈവം ഇത്രയധികം മക്കളെ ഉളവാക്കിയത്? പ്രധാനമായും അവൻ നമ്മെ സ്നേഹിക്കുകയോ നമ്മോട് അവന് സഹതാപം ഉള്ളതുകൊണ്ടോ അല്ല. അവൻ നമ്മെ സ്നേഹിക്കുന്നുവെങ്കിലും അവൻ അനേകമക്കളെ ജനിപ്പിച്ചതിന്റെ ഉദ്ദേശ്യം അവന്റെ വർദ്ധനവാണ്. ദൈവം വർദ്ധിക്കുവാൻ ഇഷ്ടപ്പെടുന്നു. എല്ലാ പിതാക്കന്മാർക്കും കുറേ വർദ്ധനവുണ്ട്. ദൈവം നമ്മെ ഉളവാക്കുന്നതിനുമുമ്പ്, അവൻ ദൈവം മാത്രമായിരുന്നു. അവന് തന്നെത്തന്നെ നോക്കി ഇങ്ങനെ പറയാമായിരുന്നു,“ഇതാ ഞാൻ, ഞാൻ തന്നെ. ഞാൻ സർവ്വശക്തനും സർവ്വജ്ഞാനിയും സർവ്വവ്യാപിയും ആണ്. ഞാൻ എല്ലാമാണ്, പക്ഷേ ഞാൻ തനിച്ചാണ്.”ഇപ്പോൾ അനേക മക്കളെ ജനിപ്പിച്ചതിനു ശേഷം ദൈവത്തിനു പറയാം,“ഇതാ എന്റെ വർദ്ധനവ്!”എന്ന്. എല്ലാ നൂറ്റാണ്ടുകളിലൂടെയും തലമുറകളിലൂടെയും ദൈവം തന്നെത്താൻ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ആദിയിൽ വചനമുണ്ടായിരുന്നു; അവനിൽ ജീവനുമുണ്ടായിരുന്നു. സൃഷ്ടിയിലൂടെ അവൻ അനേക സ്വീകരണികളെ ഒരുക്കി. ഇന്ന്, ഈ സ്വീകരണികൾ ദൈവത്തിന്റെ വർദ്ധനവും ദൈവത്തിന്റെ സംഘാത ആവിഷ്കാരവും വളർച്ചയും ആയിത്തീർന്നിരിക്കുന്നു. അവന്റെ വളർച്ചയും സംഘാത ആവിഷ്കാരവുമായി ദൈവം തന്റെ മക്കളിലൂടെ പൂർണ്ണമായി ആവിഷ്കരിക്കപ്പെടുന്നു.

ദൈവത്തിന് ആദിയിൽ അവന്റെ ആവിഷ്കാരമായി തന്റെ ഏകജാതനായ പുത്രനേ ഉണ്ടായിരുന്നുള്ളൂ. ആ ആവിഷ്കാരത്തെ വ്യക്തിപരമായ ആവിഷ്കാരം എന്നു വിളിക്കാം. ഇപ്പോൾ ദൈവത്തിന് തന്റെ ജീവന്റെ വർദ്ധനവിലൂടെ തന്റെ ആവിഷ്കാരമായി അനേകം പുത്രന്മാരുണ്ട്. ഈ ആവിഷ്കാരത്തെ ഇപ്പോൾ ആദ്യജാതനായ അവന്റെ പുത്രനും തന്റെ അനേക സഹോദരന്മാരും അടങ്ങിയിരിക്കുന്ന സംഘാത ആവിഷ്കാരം എന്നു വിളിക്കാം. ഇത് ഈ പുസ്തകത്തിന്റെ വെളിപ്പാടിന്റെ പ്രധാന വശങ്ങളിൽ ഒന്നാണ്.